# പ്രധാനമന്ത്രിയും ഫ്രാൻസ് പ്രസിഡന്റും സംയുക്തമായി ഐടിഇആർ സൗകര്യം സന്ദർശിച്ചു (ഫെബ്രുവരി 12, 2025)

ഫെബ്രുവരി 12, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഫ്രാൻസ് പ്രസിഡന്റ് ശ്രീ ഇമ്മാനുവൽ മാക്രോണും ഒരുമിച്ച് ഇന്ന് രാവിലെ കാഡറാഷെയിലുള്ള അന്താരാഷ്ട്ര തെർമോ ന്യൂക്ലിയർ പരീക്ഷണ റിയാക്ടർ [ഐടിഇആർ] സന്ദർശിച്ചു. ഐടിഇആർ ഡയറക്ടർ ജനറൽ നേതാക്കളെ സ്വാഗതം ചെയ്തു. ലോകത്തിലെ ഏറ്റവും മികച്ച ഫ്യൂഷൻ എനർജി പദ്ധതികളിൽ ഒന്നായ ഐടിഇആർ-ലേക്ക് ഒരു രാഷ്ട്രത്തലവനോ ഗവൺമെന്റ് തലവനോ നടത്തുന്ന ആദ്യ സന്ദർശനമാണിത്.

2. സന്ദർശന വേളയിൽ, ലോകത്തിലെ ഏറ്റവും വലിയ ടോകമാക്കിന്റെ അസംബ്ലി ഉൾപ്പെടെയുള്ള ഐടിഇആർ-ന്റെ പുരോഗതിയെ നേതാക്കൾ അഭിനന്ദിച്ചു, ഇത് ജ്വലിക്കുന്ന പ്ലാസ്മ സൃഷ്ടിക്കുന്നതിലൂടെയും, നിയന്ത്രിക്കുന്നതിലൂടെയും ആത്യന്തികമായി 500 MW ഫ്യൂഷൻ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. പദ്ധതിയിൽ പ്രവർത്തിക്കുന്ന ഐടിഇആർ എഞ്ചിനീയർമാരുടെയും ശാസ്ത്രജ്ഞരുടെയും സമർപ്പണത്തെ നേതാക്കൾ അഭിനന്ദിച്ചു.

3. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലായി പദ്ധതിയിലേക്ക് സംഭാവന നൽകുന്ന ഏഴ് ഐടിഇആർ അംഗങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നു. ഏകദേശം 200 ഇന്ത്യൻ ശാസ്ത്രജ്ഞരും അസോസിയേറ്റുകളും, എൽ&ടി, ഇനോക്സ് ഇന്ത്യ, ടിസിഎസ്, ടിസിഇ, എച്ച്സിഎൽ ടെക്നോളജീസ് തുടങ്ങിയ പ്രമുഖ വ്യവസായ കമ്പനികളും ഐടിഇആർപദ്ധതിയിൽ ഉൾപ്പെടുന്നു.

മാർസെയിൽസ്

ഫെബ്രുവരി 12, 2025